**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2888** **13-12-2022 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുകയും കോവിഡ് കാലത്ത് വായ്പ തിരിച്ചടവ് ആറ് മാസത്തിലധികം മുടങ്ങുകയും തുടർന്ന് മരണ മടയുകയും ചെയ്തവർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിലെ നിജസ്ഥിതി പരിശോധിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്ന വിഷയം പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വായ്പ എടുത്ത ശേഷം മരണമടയുന്ന വായ്പാക്കാരന് ബോർഡിൽ നിന്നും ധനസഹായം അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട് നിയമാവലി ഖണ്ഡിക 4(ബി) പ്രകാരം കണക്കാക്കുന്ന കുടിശ്ശിക നിബന്ധനയിൽ നിന്നും 01.03.2020 മുതൽ 31.08.2020 വരെയുള്ള ആറ് മാസ മൊറട്ടോറിയം കാലയളവ് ബോർഡ് തീരുമാന പ്രകാരം ഇളവ് അനുവദിച്ച് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് വരുന്നുണ്ട്. അപ്രകാരം ലഭ്യമായിട്ടുള്ള **535** അപേക്ഷകളിൽ, മേൽ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൊറട്ടോറിയം ബാധകമാക്കി കുടിശ്ശിക നിബന്ധനയിൽ ഇളവ് അനുവദിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ